## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 250** — **11/10/2011-ൽ മറുപടിക്ക്**

## റസിഡൻഷ്യൽ പരിശീലന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>" എം. എ. വാഹിദ്:<br>" സി. പി. മുഹമ്മദ് :<br>" കെ. അച്ചുതൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ അദ്ധ്യാപകർക്കുള്ള റസിഡൻഷ്യൽ പരിശീലന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എങ്ങനെയെന്ന് വിശദീകരിക്കുമോ; | ബി) | നിലവിലുള്ള അദ്ധ്യാപകരുടെ പ്രൊഫഷണൽ സ്കിൽ വർദ്ധിപ്പിക്കുക, അതുവഴി അദ്ധ്യാപകന്റെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുക. ആധുനിക സാങ്കേതിക വിദ്യയില ധിഷ്ഠിതമായ പഠനപ്രക്രിയ നടപ്പാക്കുന്നതിനുള്ള രീതി ശാസ്ത്രം ബോധ്യപ്പെടുത്തുക ,മൂല്യത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം, ഉള്ളടക്കത്തെ സംബന്ധിച്ച അധിക പരിജ്ഞാനം, നിരന്തരവും, സമഗ്രവുമായ മൂല്യ നിർണ്ണയം, തുടങ്ങിയ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുക, സ്കൂൾ സമഗ്രാസൂത്രണ ത്തിന്റെ കാഴ്ചപ്പാടുകളും, നടപ്പാക്കൽ രീതിയും ബോധ്യപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഉള്ളത്. രണ്ട് മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ അധ്യാപകർക്കും വിഷയബന്ധിതമായി നൽകുന്നതാണ്. |
| സി) | എൻ. സി. ഇ. ആർ. ടി യുടെ സഹകരണത്തോടെ ഈ പരിശീലന പരിപാടികൾക്ക് അന്തിമ രൂപം നൽകുമോ; | സി) | എൻ.സി.ഇ.ആർ.ടിയുടെ സഹകരണത്തോടെ ഈ പരിശീലന പരിപാടിക്ക് അന്തിമ രൂപം നൽകുന്നതാണ്. |
| ഡി) | ഏതെല്ലാം വിഷയങ്ങൾക്കാണ് പരിശീലന പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്? | ഡി) | ഹൈസ്കൂൾ തലത്തിലുള്ള എല്ലാ വിഷയങ്ങൾക്കും ഊന്നൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെക്കന്ററി തലത്തിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സെക്കന്ററി മേഖലയിൽ സമഗ്ര മാറ്റത്തിന് നാന്ദികുറിക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി. ഇത് സംസ്ഥാനത്ത് ഇപ്പോൾ നടപ്പാലാക്കാൻ ആരംഭിച്ചിട്ടുണ്ട്.

RTE- Act (Right to Education Act) സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടുകൂടി വലിയതോതിലുള്ള ഒരു Structural മാറ്റം തന്നെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകും.

I to V ലോവർ പ്രൈമറി

VI to VIII അപ്പർ പ്രൈമറി

IX to XII ലോവർ പ്രൈമറിയും ഹയർ സെക്കണ്ടറിയും

എന്ന രീതിയിലുള്ള മാറ്റം , ഒട്ടേറെ ഗുണപരമായ മാറ്റത്തിന് അവസരമൊരുക്കും.

ഇത്തരത്തിലുള്ള മാറ്റങ്ങളുടെ ഭാഗമായി പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി " സമഗ്ര അദ്ധ്യാപക ശാക്തീകരണ പരിപാടിക്ക്" രൂപം നൽകി വരുന്നു. 2 മാസം നീണ്ടു നിൽക്കുന്ന ഈ സമഗ്ര പരിശീലന പരിപാടി സംസ്ഥാനത്തെ മുഴുവൻ സെക്കന്ററി അദ്ധ്യാപകർക്കും നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. 2012 ജനുവരി മുതൽ ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാത്തെ ട്രെയിനിംഗ് കോളേജുകളുടെ കൂടി സഹായത്താലാണ് വിദ്യാഭ്യാസ വകുപ്പ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ ട്രെയിനിംഗ് കോളേജുകളുടെ സൗകര്യങ്ങൾ വിലയിരുത്തുന്ന നടപടി നടന്നു വരുന്നു. സെക്കന്ററി തലത്തിലെ മുഴുവൻ അദ്ധ്യാപകരും വിഷയബന്ധിതമായാണ് പരിശീലനം നൽകുന്നത്. സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.റ്റിയാണ് ഈ പരിശീലനത്തിന് മേൽനോട്ടം വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ